പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1296

30.09.2011-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ. ഉണ്ട്. |
| ബി. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വെളിപ്പെടുത്തുമോ ? | ബി. തൊഴിലുറപ്പു പദ്ധതി നടത്തിപ്പിന്റെ ക്രമക്കേടുകൾ തടയുന്നതിനു വേണ്ടി ബ്ളോക്ക് തല ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ 100%-ഉം, 10% ജില്ലാതല ഉദ്യോഗസ്ഥരും, 2% സംസ്ഥാന തല ഉദ്യോഗാസ്ഥരും സൂക്ഷ്മ പരിശോധന നടത്തി വരുന്നു. എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും 5 മുതൽ 7 പേർ വരെ ഉൾപ്പെട്ട വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണം സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബ്ളോക്ക് ജില്ലാ സംസ്ഥാനതലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. പരാതിയിൻമേലുള്ള അന്വേഷണം 5 ദിവസത്തിനകം നടത്തി ഏഴു ദിവസത്തികം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏതൊരു പൗരനും പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന പരാതി രേഖപ്പെടുത്തുന്നതിന് ഓരോ പ്രവൃത്തി സ്ഥലത്തും സൈറ്റ് ഡയറി സൂക്ഷിക്കുന്നു. സാധാരണക്കാരുടെ ഭാഷയിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും തയ്യാറാക്കുന്നതിനും തൊഴിൽ സ്ഥലത്ത് പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതിനും കണക്കുകൾ പ്രദർശിപ്പിക്കുന്നതിനും പ്രവൃത്തികളെ സംബന്ധിച്ച് ഏതു രേഖകളും പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് നൽകുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പരാതികളുടെ തീർപ്പ് കൽപ്പിക്കുന്നതിനായി ഓംബുഡ്സ്മാനെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

Sd/-
സെക്ഷൻ ഓഫീസർ